(ബി) പ്രസ്തുത തുക ഈ റോഡ് ഗതാഗതയോഗ്യമാക്കാൻ മതിയാകുമോ; ഇല്ലെങ്കിൽ കൂടുതൽ തുക അനുവദിക്കാനുള്ള നടപടി കൈക്കൊള്ളുമോ;

(സി) അനുവദിച്ച തുക പ്രകാരം പണി തുടങ്ങാനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്; ടെണ്ടർ ക്ഷണിച്ചെങ്കിൽ എന്നത്തേക്ക് പണി തുടങ്ങി പൂർത്തിയാക്കാനാവുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പദ്ധതി വിഹിതത്തിൽ 16 ലക്ഷം രൂപ കോന്നി-അച്ചൻകോവിൽ റോഡിന്റെ വികസനത്തിനായി നീക്കിവെച്ചിട്ടുണ്ട്.

(ബി) മതിയാകുകയില്ല. റോഡുകളുടെ വികസനത്തിന് കൂടുതൽ തുക ആവശ്യമുണ്ടെന്ന നിർദ്ദേശം നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. കൂടുതൽ തുക അനുവദിക്കുന്ന മുറയ്ക്ക് കോന്നി-അച്ചൻകോവിൽ റോഡിന്റെ വികസനത്തിന് അധിക തുക ലഭ്യമാക്കുന്നതാണ്.

(സി) ഇല്ല.

(ഡി) അനുവദിച്ച 16 ലക്ഷം രൂപയിൽ മുമ്പ് ചെയ്തു തീർത്ത പണികൾക്കുള്ള തുക നൽകിയശേഷം അവശേഷിക്കുന്ന തുകയ്ക്ക് ചെയ്ത് തീർക്കാവുന്ന പണികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പണികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു.

58 (1790) 'ആനച്ചാപ്പ - ചട്ടമല ഫോറസ്റ്റ് റോഡ്'

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി പഞ്ചായത്തിലെ ആനച്ചാപ്പ-ചട്ടമല ഫോറസ്റ്റ് റോഡ് വനം വകുപ്പ് ഏറ്റെടുത്ത് ഗതാഗതയോഗ്യമാക്കാനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ഉത്തരം

ആനച്ചാപ്പ - ചട്ടമല ഫോറസ്റ്റ് റോഡിന്റെ വികസനത്തിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു.

59 (1791) ഫോറസ്റ്റ് റെയിഞ്ചർമാരുടെ നിയമനം

ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വനം വകുപ്പിൽ നേരിട്ട് നിയമിക്കപ്പെട്ട എത്ര റേഞ്ചർമാർ ഉണ്ട്;

(ബി) ഫോറസ്റ്റ് കോളേജിൽനിന്നും ട്രെയിനിംഗ് കഴിഞ്ഞ ഫോറസ്റ്റ് അപ്രന്റീസ്, റെയിഞ്ചേഴ്സ് ട്രെയിനിംഗ് പൂർത്തിയാക്കിയ ഡെപ്യൂട്ടി റെയി

LIBRARY ARCHIVES Kerala Legislative Assembly

ഞ്ചർ/ഫോറസ്റ്റർ/ ഫോറസ്റ്റേഴ്സ് ട്രെയിനിംഗ് പൂർത്തിയാക്കിയ ഡെപ്യൂട്ടി റെയിഞ്ചർ/ഫോറസ്റ്റർ എന്നീ കാറ്റഗറികളിൽപ്പെട്ട എത്ര റെയിഞ്ചർമാർ വീതമുണ്ട്;

(സി) 1998 ഡിസംബർ മാസത്തിൽ നിലവിൽ വന്ന പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും എത്ര റെയിഞ്ചർമാരെ നിയമിച്ചിട്ടുണ്ട്;

(ഡി) നേരിട്ടുള്ള നിയമനത്തിനായി സംവരണം ചെയ്തിട്ടുള്ള 25% ഒഴിവുകളും നികത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് നികത്തുമെന്ന് വ്യക്തമാക്കുമോ;

(ഇ) 1994-ൽ ബി.എസ്.സി. (ഫോറസ്ട്രി) റെയിഞ്ചർമാരുടെ നിയമനത്തിനുള്ള യോഗ്യതയായി അംഗീകരിച്ചശേഷം റെയിഞ്ചർമാരുടെ എത്ര ഒഴിവുകൾ ഉണ്ടായി; ഈ ഒഴിവുകളിൽ എത്രയെണ്ണം നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തു;

(എഫ്) 1998 ഡിസംബറിനുശേഷം റെയിഞ്ചർമാരുടെ എത്ര ഒഴിവുകൾ ഉണ്ടായി; അതിൽ എത്രയെണ്ണം നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തു?

ഉത്തരം

(എ) 75 റെയിഞ്ചർമാർ

(ബി) 1. ഫോറസ്റ്റ് അപ്രന്റീസ് - 75 എണ്ണം

2. റെയിഞ്ചേഴ്സ് ട്രെയിനിംഗ് പൂർത്തിയാക്കിയ ഡെപ്യൂട്ടി റെയിഞ്ചർ/ഫോറസ്റ്റർ - 42 എണ്ണം

3. ഫോറസ്റ്റേഴ്സ് ട്രെയിനിംഗ് പൂർത്തിയാക്കിയ ഡെപ്യൂട്ടി റെയിഞ്ചർ/ഫോറസ്റ്റർ - 80 എണ്ണം

ആകെ 197

(സി) നാളിതുവരെ 19 പേരെ നിയമിക്കുന്നതിന് പി.എസ്.സി. ശുപാർശ ചെയ്തിട്ടുണ്ട്. ഇവർ ഇപ്പോൾ പരിശീലനത്തിലാണ്. പരിശീലനം കഴിയുന്ന മുറയ്ക്ക് ഇവർക്ക് നിയമനം നൽകുന്നതാണ്. 5 ഒഴിവുകൾ കൂടി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയിതിട്ടുണ്ട്.

(ഡി) ആകെ നിലവിലുള്ള 199 തസ്തികകളിൽ 49 എണ്ണം നേരിട്ടുള്ള നിയമനത്തിനായി സംവരണം ചെയ്തിട്ടുണ്ട്. ഇതിൽ 19 എണ്ണത്തിൽ നിയമനത്തിനായി പി.എസ്.സി. ശുപാർശ ചെയ്ത ഉദ്യോഗാർത്ഥികൾ പരിശീലനത്തിലാണ്. 5 ഒഴിവുകൾ കൂടി പി.എസ്.സി.യ്ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന ഫോറസ്റ്റ് അപ്രന്റീസ് വിഭാഗത്തിൽപ്പെട്ടവർ റിട്ടയർ ചെയ്യുമ്പോഴോ, ഉദ്യോഗകയറ്റം ലഭിക്കുമ്പോഴോ നികത്തുന്നതാണ്.

(ഇ) 1994-ൽ ബി.എസ്.സി. (ഫോറസ്ട്രി) റെയിഞ്ചർമാരുടെ നിയമനത്തിനുള്ള യോഗ്യതയായി അംഗീകരിച്ച ശേഷം 111 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. മേൽപ്പറഞ്ഞ ഒഴിവുകളിൽ 24 ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനുള്ളവയാണ്. മറ്റുള്ളവ പ്രൊമോഷൻമൂലം നികത്തേണ്ടവയാണ്. നേരിട്ടുള്ള നിയമനത്തിനുള്ള 24 ഒഴിവുകളിൽ 19 പേരെ പി.എസ്.സി. ശുപാർശ ചെയ്തുകഴിഞ്ഞു. ശേഷിക്കുന്ന 5 ഒഴിവുകളും പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(എഫ്) 21 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ഇതിൽ എട്ട് ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിലുള്ളതാണ്. 8 ഉം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

298/2010

LIBRARY ARCHIVES Kerala Legislative Assembly